# ഹൈടെക് ഭരണത്തിലെ തൊഴിലില്ലായ്മ

ശാസ്ത്ര - സാങ്കേതിക മേഖലയിലെ ഏറ്റവും പുതിയ കണ്ടു പിടുത്തങ്ങൾ സ്വന്തം സംസ്ഥാനത്ത് വ്യാപകമായി ഉപയോഗിക്കുന്ന ഒരു മാതൃകാ ഭരണാധികാരിയായിട്ടാണ് ആന്ധ്രപ്രദേശിലെ മുഖ്യമന്ത്രി ചന്ദ്രബാബുനായിഡു പൊതുവെ അറിയപ്പെടുന്നത്. പുതിയ സഹസ്രാബ്ദത്തിനു യോജിച്ച ഭരണാധികാരിയാണെന്ന് വിദേശങ്ങളിലെ പല സംഘടനകളും മാധ്യമങ്ങളും ഇദ്ദേഹത്തിന് നല്ല സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. നമ്മുടെ മുഖ്യധാര മാധ്യമങ്ങൾക്കും ഇടത്തരക്കാർക്കും ഇദ്ദേഹത്തിന്റെ മിടുക്കിൽ ഏറെ മതിപ്പാണുള്ളത്. വിവര - സാങ്കേതിക രംഗങ്ങളിലെ നൂതന രീതികൾ എല്ലാം തന്നെ പിൻതുടരുന്നതിൽ ഏറെ കമ്പമുള്ളയാളാണ് ചന്ദ്രബാബുനായിഡു. പക്ഷെ ഈ ഹൈടെക് മുഖ്യമന്ത്രിക്ക് അതേ നാണയത്തിൽ തന്നെ തിരിച്ചടി കൊടുക്കുവാൻ ആന്ധ്രയിലെ വിദ്യാർത്ഥികൾ ഒരുങ്ങിയിരിക്കുകയാണ്. ഹൈടെക് മുഖ്യമന്ത്രിക്ക് ഹൈടെക് മറുപടിയെന്നാണ് വിദ്യാർത്ഥികളുടെ സമീപനം. നായിഡു സർക്കാരിന്റെ പിടിപ്പുകേടുകളും കൊള്ളരുതായ്മകളും മറ്റും ചിത്രീകരിക്കുന്ന ഒരു വെബ്സൈറ്റ് തയ്യാറാക്കികൊണ്ടിരിക്കുകയാണ് ആന്ധ്രയിലെ വിദ്യാർത്ഥികൾ. സംസ്ഥാനത്തെ അതിരൂക്ഷമായ തൊഴിലില്ലായ്മയെക്കുറിച്ചും മറ്റും ഇതിൽ പ്രത്യേകം പ്രതിപാദിക്കുന്നുണ്ട്.

പലതരം ഹൈടെക്കുകളും ആന്ധ്രപ്രദേശിൽ നടപ്പാക്കുന്നുണ്ടെങ്കിലും സംസ്ഥാനത്തിന്റെ സ്ഥിതി അത്യന്തം ശോചനീയമാണ്. വലിയൊരു കടക്കെണിയിലാണ് സംസ്ഥാനം. ഏതാണ്ട് 24,000 കോടി രൂപ വിദേശ ധനകാര്യ ഏജൻസികളിൽ നിന്നും വാങ്ങികൂട്ടിയിട്ടുണ്ടെങ്കിലുംസംസ്ഥാനത്തിന്റെ പുരോഗതി ഇപ്പോഴും പഴയപടിതന്നെ. 2000 ൽ പരം സ്വകാര്യ വ്യവസായങ്ങൾ തെലുങ്കുദേശത്തിന്റെ ഭരണകാലത്ത് പൂട്ടിയിട്ടുണ്ടെന്നാണ് കണക്ക്. കാർഷിക മേഖലയുടെ സ്ഥിതി ഒട്ടും പറയാനുമില്ല. 600 ൽ പരം പരുത്തികൃഷിക്കാർ കടംകൊണ്ട് പൊറുതിമുട്ടി ആത്മഹത്യ ചെയ്യേണ്ടിവന്നിട്ടുണ്ട്. പാശ്ചാത്യ ബഹുരാഷ്ട്ര കമ്പനികൾക്ക് ലാഭം വാരികൂട്ടുന്നതിനുള്ള ദല്ലാൾ പണിയാണ് സത്യത്തിൽ ചന്ദ്രബാബുനായിഡു ചെയ്തുകൊണ്ടിരിക്കുന്നത്. ഇത് സുഗമമാക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗം മാത്രമാണ് ഈ ഹൈടെക് വിദ്യകൾ. വനവിഭവങ്ങളും വിലപിടിപ്പുള്ള ധാതുലവണങ്ങളും മറ്റും കടത്തികൊണ്ടുപോകുന്നതിനുവേണ്ടി ബ്രിട്ടീഷ് സാമ്രാജ്യത്വം നമ്മുടെ നാട്ടിൽ റെയിൽവേ സ്ഥാപിച്ചതുപോലെയുള്ള ഒരു ഏർപ്പാട് മാത്രമാണിത്.

*ടി.ഐ. ലാലു.*